**കണ്ണൂർ സർവ്വകലാശാല**

**(സംഗ്രഹം)**

ജീവനക്കാര്യം - കോവിഡ് 19 രോഗവ്യാപനത്തിൻറെ പശ്ചാത്തലത്തിൽ സർവ്വകലാശാലാ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭരണവിഭാഗം എ സെക്ഷൻ**

എഡി എ/എഡി എ3/8060/2021 തീയതി: 24.06.2021

---

പരാമർശം:-1. 22-04-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്

2. 03-05-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.
3. 04-05-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.
4. 19-05-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ സർക്കുലർ.
5. 03-06-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.
6. 09-06-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.
7. 16-06-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.
8. 22-06-2021 ലെ G.O. (Rt) No. 479/2021/DMS നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

1. കോവിഡ്-19 അതി തീവ്രവ്യാപനം തടയുന്നതിൻറെ ഭാഗമായി സർവ്വകലാശാല ബ്രാഞ്ച്/ഓഫീസ്/ വകുപ്പുകളിൽ ജീവനക്കാർ ഹാജരാകുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദേശങ്ങൾ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് പരാമർശം (1), (2), (3), (4), (5), (6), (7) എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
2. സംസ്ഥാനത്തെ കമ്പനി, കോർപ്പറേഷൻ, കമ്മീഷൻ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാനപങ്ങൾ TPR നിരക്കിൻറെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എ, ബി കാറ്റഗറിയിൽ ഉൾപ്പെടുന്ന പ്രദേശത്താണ് സ്ഥിതിചെയ്യുന്നതെങ്കിൽ 50% ഹാജരോട് കൂടി പ്രവർത്തിക്കേണ്ടതാണെന്ന നിർദ്ദേശം പരമാർശം (7) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.
3. മേൽ സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നത് പരിഗണിച്ച്, വൈസ് ചാൻസലർ നൽകിയ അനുമതി പ്രകാരം, സർവ്വകലാശാല ഓഫീസുകളിലെ ജീവനക്കാരുടെ ഹാജർ നിജപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് താഴെ ചേർത്ത ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.
   i. സർവ്വകലാശാല ബ്രാഞ്ച്/ഓഫീസ്/ വകുപ്പുകൾ 50% ഹാജരോടുകൂടി പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.
   ii. ഓഫീസിൽ ഹാജരാകാത്ത ജീവനക്കാർ ഡി.ഡി.എഫ്.എസ് സംവിധാനത്തിലൂടെ വർക്ക് ഫ്രം ഹോം ആയി ജോലി ചെയ്യേണ്ടതാണ്
   iii. പരാമർശം (7) ലെ സർവ്വകലാശാല ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.
   iv. മേൽ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതും സർക്കാർ മറിച്ചൊരു ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ നിലവിൽ ഉണ്ടായിരിക്കുന്നതുമാണ്
4. ഉത്തരവുകൾ യഥാവിധി പുറപ്പെടുവിച്ചിരിക്കുന്നു

ഒപ്പ്/-

SAJEEVAN M

**അസിസ്റ്റന്റ് റെജിസ്ട്രാർ ( ഭരണ വിഭാഗം )**

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:എല്ലാ ബ്രാഞ്ച്/വകുപ്പ്/ഓഫീസ് മേധാവികൾക്കും

പകർപ്പ്: PS to VC / PA to PVC, R, CE, FO, JD KSAD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ